**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 726</u>** **<u>06-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>'നിലാവ്' പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി വകുപ്പ് നടപ്പാക്കുന്ന 'നിലാവ്' പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) | നിലാവ് പദ്ധതിയിലൂടെ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിലവിലുള്ള പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി കൂടുതൽ ഔട്ട്പുട്ട് കാര്യക്ഷമതയും, ഊർജ്ജക്ഷമതയും ഉള്ള പരിസ്ഥിതി സൗഹൃദ LED തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതി മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതികളിൽ (Priority Projects) ഉൾപ്പെടുത്തിയിരിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് (LSGD) ആണ് പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റ്. തദ്ദേശ സ്വയംഭരണ വകുപ്പിനുവേണ്ടി KSEBL തയ്യാറാക്കി KIIFB അംഗീകരിച്ച ഡി.പി.ആർ പ്രകാരം 298 കോടി രൂപയാണ് ആകെ പദ്ധതി ചെലവു കണക്കാക്കിയിട്ടുള്ളത്. നിലാവ് പദ്ധതിയിൽ ചേരുവാനുള്ള തീരുമാനം എടുക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. നിലാവ് പദ്ധതിയിൽ ചേരുവാൻ ഉള്ള താത്പര്യം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രമേയം പാസ്സാക്കി KSEBL - ന് നൽകുകയും LED വിളക്കുകൾ സ്ഥാപിക്കേണ്ട ലൊക്കേഷനുകൾ KSEBL - മായി ചേർന്ന് സംയുക്ത പരിശോധന നടത്തി ആവശ്യമായ LED വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തി നൽകുകയും വേണം. നിലാവ് പദ്ധതിയിൽ ചേരുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതി ചെലവ് തുക മുൻകൂർ അടയ്ക്കേണ്ടതില്ല. പദ്ധതിക്ക് വേണ്ട ഫണ്ട് KIIFB നൽകും. പദ്ധതിക്കു വണ്ടി LED തെരുവുവിളക്കുകൾ സപ്ലൈ ചെയ്യുന്ന EESL ന് ഇൻവോയ്സ് പ്രകാരമുള്ള തുക KIIFB നേരിട്ട് നൽകും. LED വിളക്കുകൾ സ്ഥാപിക്കുന്നതിലൂടെ അതാതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തുടർന്നുള്ള വൈദ്യുതി ബിൽ ഇനത്തിൽ ലഭിക്കുന്ന ലാഭത്തിൽ നിന്നാണ് KIIFB യ്ക്കുള്ള തിരിച്ചടവ് നടത്തേണ്ടത്. ഏഴ് വർഷങ്ങൾ കൊണ്ട് KIIFB യ്ക്ക് തിരിച്ച് അടയ്ക്കേണ്ട |

ഈ തുക ഓരോ സാമ്പത്തിക വർഷത്തിലും ധനകാര്യ വകുപ്പ്, തദ്ദേശ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തു നേരിട്ട് KIIFB യ്ക്ക് നൽകും. നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള LED തെരുവുവിളക്കുകൾക്ക് 7 വർഷം വാറണ്ടിയുണ്ട്. പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള LED തെരുവുവിളക്കുകൾ പ്രവർത്തന രഹിതമായാൽ അതു മാറ്റി സ്ഥാപിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. വാറന്റി കാലയളവിൽ മാറ്റി ലഭിക്കുന്ന LED ലൈറ്റുകൾ പുനഃസ്ഥാപിക്കുന്നതും പ്രസ്തുത LED കളുടെ മെയിന്റെനൻസ് നടത്തുന്നതിനുമുള്ള ചുമതല തദ്ദേശ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കും. മെയിന്റെനൻസ് ചെലവ് തദ്ദേശസ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിലവിൽ മറ്റു തെരുവുവിളക്കുകൾക്ക് ചെയ്തുവരുന്നത് പോലെ AMC കരാറുകാരെ സമീപിച്ചു മെയിന്റനൻസ് നടപ്പിലാക്കാവുന്നതാണ്.

(ബി) വാമനപുരം മണ്ഡലത്തിലെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും ഓരോ പഞ്ചായത്തിലും ഈ പദ്ധതി പ്രകാരം സ്ഥാപിച്ച ലൈറ്റുകളുടെ എണ്ണവും നൽകുമോ?

(ബി) വാമനപുരം മണ്ഡലത്തിലെ നന്ദിയോട്, പുല്ലമ്പാറ, ആനാട്, വാമനപുരം എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് നിലാവ് പദ്ധതിക്ക് വേണ്ടിയുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| | ആവശ്യപ്പെട്ട LED ലൈറ്റുകളുടെ എണ്ണം | കെ.എസ്.ഇ. ബി.എൽ. സ്ഥാപിച്ച LED ലൈറ്റുകളുടെ എണ്ണം |
|---|---|---|
| നന്ദിയോട് | 500 | 500 |
| പുല്ലമ്പാറ | 1000 | 1000 |
| ആനാട് | 575 | 575 |
| വാമനപുരം | 500 | 500 |

31.07.2021 വരെ കെ.എസ്.ഇ.ബി.എൽ.-ൽ ലഭ്യമായ LED ലൈറ്റുകളുടെ ആവശ്യകതയെ അടിസ്ഥാനമാക്കിയാണ് നിലാവ് പദ്ധതിയുടെ രണ്ടാം ഘട്ട PO 13/10/2021 - ൽ നൽകിയിരിക്കുന്നത്.

സെക്ഷൻ ഓഫീസർ